16/3/22 18/03/2022


# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം-695 001
**Email: sic.ker@nic.in**


ഹർജി നമ്പർ **AP 2044(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.17433/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 16**

ശ്രീ. പി.ജെ. ആന്റണി,
എക്സിക്യൂട്ടീവ് എഡിറ്റർ,
ജീവൻ ടി.വി., ആമ്പക്കാട്ട് മൂല,
മന്നിയങ്കര റോഡ്, തൃശ്ശൂർ - 680 012. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   കൃഷി ഓഫീസർ,
   ചേർപ്പ് കൃഷി ഭവൻ,
   പി.ഒ. ചേർപ്പ്, തൃശ്ശൂർ - 680 561.
2. അപ്പീൽ അധികാരി &
   കൃഷി അസിസ്റ്റന്റ് ഡയറക്ടർ,
   ചേർപ്പ്, പാലയ്ക്കൽ,
   പി.ഒ. പാലിശ്ശേരി, തൃശ്ശൂർ - 680 027.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 6.9.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 23.9.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 22.10.2021 |
| ഒന്നാം ശഅപ്പീൽ തീർപ്പാക്കിയ തീയതി | 8.11.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 23.12.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 28.12.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 6.1.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 27.1.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 2.3.2022/15.3.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ | 15.3.202-ന് ഹർജിക്കാരനുവേണ്ടി ടിയാളുടെ പ്രതിനിധി ഹാജരായി |
| എസ്.പി.ഐ.ഒ<br>അപ്പീൽ അധികാരി | } 2.3.2022 നടന്ന ഹിയറിംഗിൽ ഹാജരായി . |

## ഉത്തരവ്

ശ്രീ. പി.ജെ. ആന്റണി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ 6.9.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും 2-ാം എതിർകക്ഷി മുമ്പാകെ 22.10.2021-ന് സമർപ്പിച്ച

അപ്പീൽ അപേക്ഷയ്ക്കും നൽകിയ മറുപടികൾ തൃപ്തികരമല്ലാത്തതും അവ്യക്തവും അപൂർണ്ണവുമാണെന്നും ഹർജിക്കാരനെ നോട്ടീസ് നൽകി നേരിൽ കേൾക്കാതെയാണ് അപ്പീൽ തീർപ്പാക്കിയതെന്നും വിവരാവകാശ നിയമം നഗ്നമായി ലംഘിച്ച എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമ പ്രകാരം പിഴ ചുമത്തി വകുപ്പുതല നടപടിക്ക് ശുപാർശ ചെയ്യണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1) തൃശ്ശൂർ ചേർപ്പ് കൃഷിഭവന്റെ മേൽനോട്ട പ്രവർത്തന പരിധിയിലാണോ ജൂബിലി തേവർ പാടശേഖര കമ്മിറ്റി (ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൽ ആക്ട്-1986, രജി.നമ്പർ : 27/86) സ്ഥിതി ചെയ്യുന്നതെന്നും

2) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുമ്പോൾ ചേർപ്പ് ജൂബിലി തേവർ പാടശേഖരത്തിലുള്ള ആകെ നെൽവയലിന്റെ വിസ്തീർണ്ണം എത്ര ഹെക്ടറാണ് എന്നും അതിൽ ആകെ എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തിവന്നിരുന്നു എന്നും ആയതിന്റെ വിസ്തീർണ്ണം എത്ര എന്നും

3) ടി നിയമം നിലവിൽ വരുമ്പോൾ എത്ര ഹെക്ടർ സ്ഥലമാണ് ടി പാടശേഖരത്തിൽ തരിശ്ശായിട്ടിരുന്നത് എന്നും ആയതിന്റെ വിസ്തീർണ്ണം എത്ര എന്നും മറ്റുമായി 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 23.9.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടിയിൽ 2 മുതൽ 12 വരെയുള്ള ഇനങ്ങളിൽ അപ്പീൽ വാദിക്ക് നൽകിയ മറുപടി അവ്യക്തവും അപൂർണ്ണവും തൃപ്തികരമല്ലാത്തതും ആണെന്ന് ആക്ഷേപം ഉന്നയിച്ചുകൊണ്ട് 22.10.2021-ന് ഒന്നാം അപ്പീൽ അധികാരിയായ രണ്ടാം എതിർകക്ഷിക്ക് നൽകിയ അപ്പീൽ വിവരാവകാശ നിയമ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് തീർപ്പാക്കാതെ, 8.11.2021 ന് ഒന്നാം എതിർകക്ഷി നൽകിയ വിശദീകരണം ഹർജിക്കാരന് അയച്ചുകൊടുത്തു കൊണ്ട് അപ്പീൽ തീർപ്പാക്കുകയാണ് ചെയ്തിട്ടുള്ളത് എന്നു കാണുന്നു.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ 23.9.2021-ന് മറുപടി നൽകിയിരുന്നു എന്നും പിന്നീട് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ അപ്പീൽ അപേക്ഷ ലഭിച്ചതിനാൽ, ഇക്കാര്യത്തിൽ 27.10.2021-ന് ഒന്നാം അപ്പീൽ അധികാരി വിശദീകരണം ആവശ്യപ്പെട്ടതിനെ തുടർന്ന് 1.11.2021-ന് വിശദമായ റിപ്പോർട്ട് അപ്പീൽ അധികാരിക്ക് സമർപ്പിച്ചിട്ടുള്ളതാണെന്നും ആയതിൽ കൂടുതലായി ഹർജിക്കാരന് മറുപടി നൽകുന്നതിനായി കൃഷി ഓഫീസിൽ രേഖകൾ ഇല്ലാത്തതാണെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയെ തുടർന്ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് വിശദീകരണം സമർപ്പിക്കുന്നതിന് 27.10.2021-ന് ആവശ്യപ്പെട്ടിരുന്നു എന്നും ആയത് പ്രകാരം 4 ദിവസത്തിനുള്ളിൽ തന്നെ തൃപ്തികരമായ വിശദീകരണം അടങ്ങിയ റിപ്പോർട്ട് ഒന്നാം എതിർകക്ഷിയിൽ നിന്നും ലഭിച്ചു എന്നും ആയത് അപ്പീൽ ഹർജിക്കാരന് അയച്ചു നൽകി ഹിയറിംഗിന്

അവസരവും നൽകിയിട്ടുള്ളതാണെന്നും എന്നാൽ അപ്പീൽ വാദി പ്രസ്തുത അവസരം ഉപയോഗപ്പെടുത്താതെ കമ്മീഷനിൽ അപ്പീൽ സമർപ്പിക്കുകയാണ് ചെയ്തിട്ടുള്ളത് എന്നുമാണ്.

6. അപ്പീൽ ഹർജി, ബന്ധപ്പെട്ട രേഖകൾ നേരിൽ കേട്ട വേളയിൽ എതിർകക്ഷികൾ, ഹർജിക്കാരന്റെ പ്രതിനിധി എന്നിവർ ബോധിപ്പിച്ച വസ്തുതകൾ എന്നിവ കമ്മീഷൻ വിശദമായി പരിശോധിച്ചു. ഹർജിക്കാരന്റെ ഒന്നാം അപ്പീൽ അപേക്ഷ ടിയാന് നോട്ടീസ് നൽകി നേരിൽ കേട്ട് നിയമാനുസൃതം തീർപ്പാക്കാതെ, ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ വിശദീകരണം ഒരു കത്ത് മുഖേന ഹർജിക്കാരന് അയച്ചു കൊടുത്തുകൊണ്ട് മറുപടി നൽകുക മാത്രമാണ് രണ്ടാം എതിർകക്ഷി ചെയ്തിട്ടുള്ളതെന്നും അപേക്ഷയിലെ 2 മുതൽ 12 വരെയുള്ള ഇനങ്ങൾക്ക് തൃപ്തികരല്ലാത്ത മറുപടി നൽകിയതും പൊതു വിവരാവകാശ ഓഫീസറുടെ പദവി, അപ്പീൽ കാലാവധി, അപ്പീലധികാരിയുടെ വിലാസം എന്നിവ രേഖപ്പെടുത്താതെ മറുപടി നൽകിയതുമാണ് ഹർജിക്കാരന്റെ അപ്പീൽ ഹർജിയിലെ ആക്ഷേപമെന്നു കാണുന്നു. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ, അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ സമയബന്ധിതമായി അപേക്ഷർക്ക് ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പ്രധാന ചുമതല. മറ്റ് ഔദ്യോഗിക കാര്യങ്ങളോടൊപ്പമാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന നിലയിലുള്ള അവരുടെ ചുമതലകളും നിർവ്വഹിക്കേണ്ടത് എന്നതിനാൽ പൊതു ജനങ്ങൾക്ക് നൽകി വരുന്ന മറ്റ് സേവനത്തിൽ തടസം വരാത്തവിധത്തിൽ വേണം വിവരാവകാശ അപേക്ഷകളിന്മേലും അവർ നടപടികൾ സ്വീകരിക്കേണ്ടത്. ഇക്കാര്യത്തിൽ ജൂബിലിതേവർ പാടശേഖര കമ്മിറ്റിയുമായി ബന്ധപ്പെട്ട ബൃഹത്തായ മറുപടി നൽകേണ്ട 12 ഇനങ്ങളിലായുള്ള വിവരാവകാശ അപേക്ഷയാണ് ഹർജിക്കാരൻ നൽകിയിട്ടുള്ളത്. ടി വിവരങ്ങൾ ചാരിറ്റബിൾ ഇൻസ്റ്റ്യൂഷൻ ആക്ട് പ്രകാരം രൂപീകരിച്ച വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്ത ജുബിലി തേവർ പാടശേഖര കമ്മറ്റിയുമായി ബന്ധപ്പെട്ടതുമാണ്. കൂടാതെ അപേക്ഷയിലെ മിക്ക ചോദ്യങ്ങളും വിശദീകരണം, വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം/ഉപദേശം തേടുന്ന ചോദ്യങ്ങളും, വിവരം ക്രോഡീകരിച്ച് തയ്യാറാക്കി നൽകേണ്ട ഇനത്തിൽപ്പെടുന്നതുമാണ്. ഇത്തരം ചോദ്യങ്ങൾ വിവരവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നവയുമല്ല. എന്നിരുന്നാലും അപേക്ഷയിലെ 2 മുതൽ 12 വരെയുള്ള ഇനങ്ങളിൽ ആവശ്യപ്പെട്ടവ വിവരങ്ങൾ അടങ്ങിയ രേഖകൾ നേരിട്ട് പരിശോധിക്കുന്നതിനും ആവശ്യമുള്ള രേഖകളുടെ പകർപ്പുകൾ എടുക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഹർജിക്കാരനോ ടിയാന്റെ പ്രതിനിധിക്കോ ഒന്നാം എതിർകക്ഷി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. വിവരാവകാശ അപേക്ഷയ്ക്ക് 23.9.2021ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിലെ 3, 12 എന്നീ ഇനങ്ങൾക്ക് വ്യക്തമായ വിവരങ്ങൾ പാടശേഖര കമ്മിറ്റിയിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട് എന്ന മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഇത്തരത്തിലുള്ള മറുപടി വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതല്ല. വിവരം ലഭ്യമാണെങ്കിൽ ആയത് സമയബന്ധിതമായി നൽകുകതന്നെ വേണം. അതുപോലെ തന്നെ വിവരാവകാശ നിയമപ്രകാരം മറുപടി നൽകുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ 30.3.2016-ലെ 69503/സി.ഡി.എൻ.5/2015/ജി.എ.ഡി. നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരം വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുമ്പോൾ അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി, പൊതു വിവരാവകാശ

അധികാരിയുടെ പദവി എന്നിവ വ്യക്തമാക്കി വേണം മറുപടി നൽകേണ്ടത്. ടി വിവരങ്ങൾ ഒന്നും രേഖപ്പെടുത്താതെ അപൂർണ്ണമായ മറുപടി നൽകുന്നത് വിവരാവകാശ നിയമം 7(1) വകുപ്പു പ്രകാരം കുറ്റകരവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. ടി വീഴ്ചകൾ സംബന്ധിച്ച് ആയതിന് ഉത്തരവാദിയായ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് 31.3.2022നകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആ വിവരം ടി വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

8. അതുപോലെ തന്നെ വിവരാവകാശ നിയമപ്രകാരം അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധ ജുഡീഷ്യൽ പ്രവർത്തിയാണ്. ആയതിനാൽ നീതി നടപ്പാക്കുക മാത്രമല്ല നീതി നടപ്പാക്കി എന്നു ഉറപ്പു വരുത്തേണ്ടതിന്റെയും ഉത്തരവാദിത്വം അപ്പീൽ അധികാരിയിൽ നിക്ഷിപ്തമാണ്. ആയതിനാൽ അപ്പീൽ അധികാരി പുറപ്പെടുവിക്കുന്ന ഉത്തരവ് സ്വയം വിശദീകരിക്കുന്നതും തീരുമാനത്തിൽ എത്താനുണ്ടായ സാഹചര്യം വ്യക്തമാകുന്നതുമാകണം. ഇക്കാര്യത്തിൽ അപ്പീൽ ലഭിച്ചതിനെ തുടർന്ന് ഒന്നാം എതിർകക്ഷിയിൽ നിന്നും വിശദീകരണം വാങ്ങി ആയത് പരിശോധിക്കുകയോ ഹർജിക്കാരനെയും പി.ഐ.ഒയേയും നേരിൽ കേൾക്കുകയോ ചെയ്യാതെ ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ വിശദീകരണത്തിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചു കൊടുക്കുക മാത്രമാണ് രണ്ടാം എതിർകക്ഷി ചെയ്തിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല. ആയതിനാൽ ഭാവിയിൽ കൂടുതൽ ജാഗ്രത പുലർത്തി വേണം വിവരാവകാശ അപേക്ഷകളും അപ്പീൽ അപേക്ഷകളും കൈകാര്യം ചെയ്യേണ്ടതെന്ന് എതിർകക്ഷികളോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

9. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 16–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk